**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2507** **07.02.2019-ൽ മറുപടിക്ക്**

## പ്രളയാനന്തര ടൂറിസം മേഖല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സജി ചെറിയാൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) പ്രളയാനന്തരം ടൂറിസം വികസന പദ്ധതികൾ വേഗത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) പ്രളയംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി ഇവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി താഴെ പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>1. പ്രളയക്കെടുതി മൂലം തകരാറിലായ വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പുനർ നിർമ്മാണത്തിന് 2,09,20,000/- രൂപയുടെ ഭരണാനുമതി.<br>2. പുനലൂർ ബാത്തിംഗ് ഗാട്ട് - 77,00,000/-രൂപ<br>3. മൺട്രോ ഉരുത്ത്, അഡ്വഞ്ചർ പാർക്ക്, കണ്ട്രി ബോട്ട് ടെർമിനൽ & ബോട്ട് ടെർമിനൽ അറ്റ് കൊല്ലം - 9,94,446/-രൂപ<br>4. വെള്ളിയാങ്കൽ ഹെറിറ്റേജ് പാർക്ക് - 43,22,030/-രൂപ<br>ഇവ ദ്രുതഗതിയിൽ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) ടൂറിസം സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്ന എന്തെങ്കിലും | ബി) ടൂറിസം സഹകരണ സംഘങ്ങൾ ഉൾപ്പെടെ സഹകരണ സംഘം രജിസ്ട്രാരുടെ ഭരണ നിയന്ത്രണത്തിലുള്ള, ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്ന സഹകരണ സംഘങ്ങൾക്ക് പ്രോജക്ട് അടിസ്ഥാനത്തിൽ പ്രോജക്ട് |

| | | | |
|---|---|---|---|
| | പദ്ധതികൾ നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | | കോസ്റ്റിന്റെ 50% രൂപ പരമാവധി ഇരുപത് ലക്ഷം രൂപ (സർക്കാർ ഓഹരിയും സബ്സിഡിയുമായി 1:2 അനുപാതത്തിൽ) ധനസഹായം ലഭ്യമാക്കുന്നുണ്ട്. |
| സി) | ജനപങ്കാളിത്തമുള്ള സ്ഥാപനങ്ങൾ എന്ന പരിഗണനയിൽ ടൂറിസം സഹകരണ സംഘങ്ങൾക്ക് പ്രവർത്തനമേന്മ കൈവരിക്കുന്നതിനായി ഗ്രാന്റും, കുറഞ്ഞ പലിശയിൽ വായ്പയും നൽകുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തു നടപ്പാക്കുമോ? | സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ